03.09.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 25-11-95

# പരമതം, പരചിന്തനം, പരദർശനത്തിൽ നിന്നു മുക്തമാകൂ, പരോപകാരം ചെയ്യൂ

ഇന്ന് ബാപ്ദാദ തന്റെ നാനാഭാഗത്തെയും ബാബയുടെ ആരെല്ലാം മക്കളുണ്ടോ, വിശേഷപ്പെട്ടവരുണ്ടോ, ആ സർവ വിശേഷആത്മാക്കളെയും കാണുകയാണ്.ഭാരതത്തിലെയാകട്ടെ, വിദേശത്തെയാകട്ടെ ഏതൊരു കോണിലെയായാലും ബാപ്ദാദ സർവ വിശേഷആത്മാക്കളെയും സമീപം കാണുകയാണ്. ബാപ്ദാദ തന്റെ വിശേഷകുട്ടികളെ കണ്ട് ഹർഷിതമാകുകയാണ്. താങ്കൾ കുട്ടികൾക്ക് ബാബയെ കാണുമ്പോൾ സന്തോഷമുണ്ടാകുന്നില്ലേ അതുപോലെ! സന്തോഷമുള്ളതു കൊണ്ടല്ലേ ഓടിയോടി വന്നിരിക്കുന്നത്. അപ്പോൾ ബാബയ്ക്കും സന്തോഷമുണ്ടാകുന്നു- എന്റെ ഓരോരോ കുട്ടിയും വിശേഷആത്മാവാണ്. വയസരാകട്ടെ, പഠിപ്പില്ലാത്തവരാകട്ടെ, കൊച്ചുകുട്ടിയാകട്ടെ, യുവാവാകട്ടെ, കുടുംബസ്ഥരാകട്ടെ എന്നാൽ മുഴുവൻ വിശ്വത്തിനും മുന്നിൽ വിശേഷപ്പെട്ടവരാണ്. എത്ര തന്നെ വലിയ വലിയ ശാസ്ത്രകാരോ തിളങ്ങുന്നവരോ ആകട്ടെ ചന്ദ്രനിൽ വരെ എത്തുന്നവരാകട്ടെ എന്നാൽ ബാബയുടെ വിശേഷ കുട്ടികൾക്കു മുന്നിൽ അവരും അജ്ഞാതരാണ്. അഞ്ചു തത്വങ്ങളെയും അറിഞ്ഞു, അവയ്ക്കു മേൽ വിജയവും പ്രാപ്തമാക്കി, എന്നാൽ കൊച്ചു ബിന്ദുവായ ആത്മാവിനെ അറിഞ്ഞില്ല. ഇവിടെ കൊച്ചുകുട്ടികളോടും ചോദിക്കും- നിങ്ങളാരാണ്, അപ്പോൾ എന്തു പറയും? ആത്മാവാണെന്നു പറയുമല്ലോ. ആത്മാവ് എവിടെയാണ് വസിക്കുന്നത്, അതും പറയും. ശാസ്ത്രജ്ഞരോടു ചോദിക്കൂ, ആത്മാവെന്താണ്? ആത്മാവിന്റെ ജ്ഞാനത്തെ ഇപ്പോൾ വരെയും അറിയാൻ കഴിഞ്ഞിട്ടില്ല. അപ്പോൾ എത്ര തന്നെ വലിയ ചരിത്രത്തിന്റെ കണക്കിലും, ഈ ലോകത്തിന്റെ കണക്കിലും വിശേഷപ്പെട്ടവരാണ്, എന്നാൽ ആര് അവനവനെ അറിഞ്ഞിട്ടില്ലയോ അവരെക്കാൾ ഇവിടത്തെ അഞ്ചു വർഷമായവരും മെച്ചമാണ്. ആരംഭത്തിൽ താങ്കൾ കുട്ടികൾക്ക് വളരെ പ്രകാശിക്കുന്ന പാട്ടുണ്ടായിരുന്നു, ഓർമയുണ്ടോ ഏത് പാട്ടാണ്? ഒരു പാട്ടുണ്ടായിരുന്നു- എത്ര വലിയ സേട്ടാകട്ടെ, സ്വാമിയാകട്ടെ എന്നാൽ ഈശ്വരനെ അറിഞ്ഞിട്ടില്ല... അപ്പോൾ എത്ര തന്നെ വലിയവരാകട്ടെ അഥവാ നേതാവാകട്ടെ, അഭിനേതാവാകട്ടെ എന്നാൽ അവനവനെ അറിഞ്ഞിട്ടില്ല എങ്കിൽ എന്തറിഞ്ഞു? അപ്പോൾ ഇങ്ങനെയുള്ള വിശേഷആത്മാക്കളാണ്. ഇവിടെ പഠിപ്പില്ലാത്ത വൃദ്ധമാതാവാണ്, മറുവശത്ത് വലിയ മഹാത്മാവാണ്. എന്നാൽ വൃദ്ധമാതാവ് ഉടനെ പറയും ഞാൻ പരമാത്മാവിനെ നേടി. മഹാത്മാവു പറയും പരമാത്മാവിനെ പ്രാപിക്കുക വലിയ ബുദ്ധിമുട്ടാണ്. എന്നാൽ ഇവിടെ 100 വയസായവരും നിശ്ചയബുദ്ധിയാകുമെങ്കിൽ അവർ എന്തു പറയും? നിങ്ങൾ തേടിക്കൊണ്ടിരിക്കൂ, ഞങ്ങൾ നേടിക്കഴിഞ്ഞു. അപ്പോൾ മഹാത്മാവു പോലും താങ്കൾക്കു മുന്നിൽ ആര്! കുടുംബസ്ഥർ ലഹരിയോടെ പറയും ഞങ്ങൾ ഡബിൾബെഡിലാണ് ഉറങ്ങുന്നത്, കൂടെ കഴിഞ്ഞുകൊണ്ടും പവിത്രമാണ്, എന്തെന്നാൽ ഞങ്ങൾക്കിടയിൽ ബാബയുണ്ട്. മഹാത്മാക്കൾ എന്തു പറയും? പറയും- തീയും പഞ്ഞിയും ഒപ്പം കഴിയുക-ഇത് അസംഭവ്യമാണ്. താങ്കൾക്കാണെങ്കിലോ? കുടുംബസ്ഥർ പറയൂ- പവിത്രമായി കഴിയുക ബുദ്ധിമുട്ടാണോ സഹജമാണോ? സഹജമാണോ അതോ ഇടയ്ക്കിടെ പ്രയാസമാകുന്നുണ്ടോ? ആരാണോ പക്കയായവർ അവർ വലിയ സഭയാണെങ്കിലും എന്താണെങ്കിലും ലഹരിയോടെ പറയാൻ സാധിക്കും- പവിത്രത ഞങ്ങളുടെ സ്വധർമമാണ്. പരധർമമല്ല, സ്വധർമം. അപ്പോൾ സ്വ സഹജമാകുന്നു, പര- പ്രയാസമാകുന്നു. അപവിത്രത പരധർമമാകുന്നു. അപ്പോൾ ഇങ്ങനെ വിശേഷതയെ അറിയുമോ? എന്തെന്നാൽ പുതിയ പുതിയവരും നിറയെ വന്നില്ലേ? എന്നാൽ എത്ര തന്നെ പുതിയവരാകട്ടെ പവിത്രതയുടെ പാഠം പക്കയല്ലേ? പല കുട്ടികളും ഇങ്ങനെയും ചെയ്യുന്നു- ഏതു വരേക്കും ബാബയെ കാണുന്നതിന്റെ ഒരു വർഷം പൂർത്തിയാകുന്നില്ലയോ, എല്ലാവർക്കും അറിയാം ഈ നിയമം പക്കയാണ്, അപ്പോൾ മധുബനിൽ വരുന്നതു വരേക്കും ശരിയായി കഴിയുന്നു എന്നാൽ കണ്ടു, എത്തി, എങ്കിൽ പലരും തിരിച്ച് പോയി അലസരുമാകുന്നു എന്നാൽ ചിന്തിക്കൂ പവിത്രതയുടെ പ്രതിജ്ഞ ആരോടാണ് ചെയ്തത്? ബാബയോടല്ലേ ചെയ്തത്? ബാബയുടെ ആജ്ഞയല്ലേ? അപ്പോൾ ബാബയോട് പ്രതിജ്ഞ ചെയ്ത് പിന്നീട് അലസരാകുകയാണെങ്കിൽ ദോഷം ആർക്കാണ്? ബ്രാഹ്മണപരിവാരത്തിൽ ഒരാൾ പോകുന്നു, 10 പേർ വരുന്നു. എന്നാൽ ദോഷം ദുർബലമാകുന്നതിന്റെ, ആ ആത്മാക്കൾക്കാണ് ഉണ്ടാകുന്നത്, അതിനാൽ ആരാര് പുതിയ പുതിയവർ ആദ്യമായി വന്നിട്ടുണ്ടോ അവർ അച്ഛന്റെ വീട്ടിൽ എത്തിച്ചേർന്നു. ഇത് ഭാഗ്യത്തിന്റെ കാര്യമാണ് , എന്നാൽ ഭാഗ്യത്തിന്റെ രേഖയെ ഒരിക്കലും കുറയ്ക്കാൻ പാടില്ല. ഭാഗ്യത്തെ വലുതാക്കണം. നോക്കൂ, ഏതൊരു കുട്ടിയും ലൗകികത്തിലാണെങ്കിലും ജനിക്കുമ്പോൾ എല്ലാവരും എന്തു പറയും? സദാ വാഴട്ടെ, ദീർഘായുസാകട്ടെ. അപ്പോൾ ബാപ്ദാദയും വിശേഷആത്മാക്കളുടെ അവിനാശി വിശേഷത കാണാനാഗ്രഹിക്കുന്നു. അൽപ സമയത്തിന്റെയല്ല. ഒരു വർഷം നടക്കാം, രണ്ടു വർഷം നടക്കാം- ഇങ്ങനെയല്ല. അവിനാശിയായി കഴിയുന്നവർക്കാണ് അവിനാശി പ്രാലബ്ധം പ്രാപ്തമാകുന്നത്. അപ്പോൾ

മാതാക്കളും പക്കയല്ലേ? എന്തെന്നാൽ താങ്കൾ ഒരു വർഷത്തെയാകട്ടെ, രണ്ടു വർഷത്തെയാകട്ടെ, നാലാകട്ടെ, എന്നാൽ സമാപ്തി ഒരേ സമയം തന്നെ ഉണ്ടാകണമല്ലോ! വിനാശം ഒന്നിച്ചായിരിക്കുമല്ലോ ഉണ്ടാകുന്നത്! അതോ താങ്കൾ പറയുമോ ഞങ്ങൾ രണ്ടു വർഷത്തെയാണ്, ഞങ്ങളുടെ സിൽവർ ജൂബിലി ഉണ്ടാകട്ടെ എന്നിട്ടു മതി വിനാശം! ഇതു നടക്കില്ലല്ലോ അതിനാൽ പിറകെ വരുന്നവർക്ക് കൂടുതൽ മുന്നിലേക്കു പോകണം. കുറച്ചു സമയത്തിൽ വളരെ സമ്പാദ്യമുണ്ടാക്കാം. എന്നിരുന്നിട്ടും താങ്കൾക്ക് പുരുഷാർഥത്തിനു സമയം ലഭിച്ചിട്ടുണ്ട്. മുന്നോട്ടു പോകവെ ഇത്രയും സമയവും ലഭിക്കുകയില്ല. പറഞ്ഞുവല്ലോ ഇപ്പോൾ ലേറ്റ് ബോർഡ് വെച്ചിട്ടുണ്ട്, എന്നാൽ റ്റൂ ലേറ്റ് വെച്ചിട്ടില്ല. അതിനാൽ താങ്കളെല്ലാം ഭാഗ്യശാലികളാണ്. കേവലം തന്റെ ഭാഗ്യത്തെ സ്മൃതിയിൽ വെച്ച് ഉയരൂ. ഒരു കാര്യത്തിലേക്കും പോകരുത്.

ഇന്ന് ബാപ്ദാദ കാണുകയായിരുന്നു, കുട്ടികളുടെ പുരുഷാർഥത്തിന്റെ സമയം എന്തുകൊണ്ടാണ് പാഴായിപ്പോകുന്നത്? ആരും വേണമെന്നു വെച്ചിട്ടല്ല, എല്ലാവരും ആഗ്രഹിക്കുന്നത് എന്റെ സമയം സഫലമാകണം എന്നാണ്, എന്നാൽ ഇടയ്ക്കിടെ ചിലപ്പോൾ 15 മിനിറ്റ്, ചിലപ്പോൾ 5 മിനിറ്റ് പാഴായിപ്പോകുന്നു. അപ്പോൾ അതിന്റെ കാരണം എന്താണ്? ഇന്ന് ബാപ്ദാദ കണ്ടു – ഭൂരിപക്ഷത്തിന്റെയും വിശേഷ പുരുഷാർഥം കുറഞ്ഞോ മന്ദമായോ പോകുന്നു, അതിന് മൂന്നു കാരണങ്ങളുണ്ട്.
ആദ്യത്തേത്, പോകെപ്പോകെ ശ്രീമതത്തിനൊപ്പമൊപ്പം ആത്മാക്കളുടെ പരമതം കൂട്ടിക്കലർത്തുന്നു. ആരെങ്കിലും എന്തെങ്കിലും കാര്യം കേൾപ്പിച്ചാൽ താങ്കൾ മനസിലാക്കുന്നു– കേൾപ്പിക്കുന്നയാൾ നല്ലതാണ്, സത്യമായ മഹാരഥിയാണ്, താങ്കൾക്ക് അവരോട് വിശ്വാസവുമാകുന്നു. ഇങ്ങനെ ഏതെങ്കിലും ആത്മാവ് താങ്കളെ എന്തെങ്കിലും കേൾപ്പിക്കുമ്പോൾ അതിലൂടെ താൽപര്യവും വരുന്നു, വാർത്ത നല്ലതാണല്ലോ.. ലോകവാർത്തകൾ നല്ലതായി തോന്നുന്നതു പോലെ ബ്രാഹ്മണലോകവാർത്തകളും നല്ലതായി തോന്നുന്നു. അപ്പോൾ താങ്കൾ അവരിൽ വിശ്വാസം വെച്ച് ആ കാര്യം കേട്ടു അർഥം തനിക്കുള്ളിൽ നിറച്ചു, കളഞ്ഞില്ല, അപ്പോൾ കാര്യം സത്യമായാലും വാർത്ത സത്യവുമാകാം, എല്ലാം അസത്യമാകുന്നില്ല, ചിലത് സത്യവുമുണ്ട് എന്നാൽ ബാബയുടെ ആജ്ഞയെന്താണ്? ഇങ്ങനെയുള്ള വാർത്തകൾ കേട്ടോളൂ– ഇതാണോ ആജ്ഞ? എന്തുമായി താങ്കൾക്ക് ബന്ധമൊന്നുമില്ലയോ, കേവലം ഇഷ്ടപ്പെട്ട വാർത്തയാണ്, താങ്കൾക്ക് ഒന്നും ചെയ്യാനാവില്ല, വെറും കേട്ടു എങ്കിൽ ആ വാർത്ത ബുദ്ധിയിൽ പോയി, സമയം പാഴായോ ഇല്ലയോ?ബാബയുടെ ശ്രീമതത്തിൽ പരമതം കലർത്തി എന്തെന്നാൽ ബാബയുടെ ആജ്ഞയാണ് കേട്ടിട്ടും കേൾക്കാതിരിക്കൂ. അപ്പോൾ താങ്കൾ കേട്ടതെന്തിന്? അതിന്റെ ശീലമുണ്ടാക്കി. ഒരു തവണ താങ്കളെ വാർത്ത കേൾപ്പിച്ചു എന്നു വിചാരിക്കൂ, താങ്കൾക്കും വളരെ നന്നായി തോന്നി, പുതിയ കാര്യമാണല്ലോ, ഇങ്ങനെയും സംഭവിക്കുന്നു, ഇത് അറിഞ്ഞുകഴിഞ്ഞു, എന്നാൽ അഥവാ ഒരിക്കൽ താങ്കൾ അവരുടെ കാര്യം കേട്ടു എങ്കിൽ അടുത്ത തവണ അവർ എവിടെ പോകും? താങ്കളുടെ അടുക്കൽ വരും. താങ്കൾ അവർക്ക് ചവറുവീപ്പയായല്ലോ! ഇങ്ങനെയുള്ള എന്തു വാർത്തയായാലും അവർ താങ്കളുടെ അടുക്കൽ തന്നെ വന്നു കേൾപ്പിക്കും, എന്തെന്നാൽ താങ്കൾ കേട്ടു! അതിനാൽ അവർക്ക് മനസിലാക്കിക്കൊടുക്കൂ, ഇങ്ങനെയുള്ള കാര്യങ്ങളിൽ നിന്ന് അവരെയും മുക്തമാക്കൂ. കേട്ടുനിന്ന് താൽപര്യം കൂട്ടാതിരിക്കൂ, പക്ഷേ കേൾക്കുകയാണെങ്കിൽ താങ്കളിൽ ഇത്രയും ശക്തി വേണം അതിനോടു സദാ കാലത്തേക്ക് ഫുൾസ്റ്റോപ്പിടാൻ കഴിയണം. തനിക്കുള്ളിലും ഫുൾസ്റ്റോപ്പിടൂ. ഏതു വ്യക്തിയുടെ വാർത്ത കേട്ടുവോ അവരെ പ്രതി ദൃഷ്ടിയിലോ സങ്കൽപത്തിലോ പോലും വെറുപ്പിന്റെ ഭാവം തീർത്തും ഉണ്ടാകരുത്. ഇത്രയും ശക്തി താങ്കളിൽ ഉണ്ടെങ്കിൽ ഇത് കേൾക്കലല്ല, അവരുടെ മംഗളം ചെയ്യലാണ്. എന്നാൽ ഫലത്തിൽ കാണുന്നത് ഭൂരിപക്ഷവും അൽപം അൽപം അഴുക്ക് കൂട്ടി കൂട്ടി വെച്ച് ഈ വെറുപ്പിന്റെ ഭാവം അഥവാ നടപ്പിലും മട്ടിലും അന്തരം വരുന്നു. മറ്റൊന്നും ഉണ്ടാകുന്നില്ല എങ്കിൽ ആ ആത്മാവിനെ പ്രതി സേവനം ചെയ്യാനുള്ള ഭാവനയുണ്ടാകുകയില്ല, ഭാരമനുഭവപ്പെടും. ഇതിനെയാണ് പറയുന്നത് ശ്രീമതത്തിൽ പരമതം കൂട്ടിച്ചേർക്കുക. വാർത്ത ബാപ്ദാദയും കേൾക്കുന്നുണ്ട്. എന്നാൽ സംഭവിക്കുന്നതെന്താണ്? ഭൂരിഭാഗത്തിന്റെയും ഭാവം മാറുന്നുണ്ട്. കേൾപ്പിക്കുന്നതിലും ഭാവം മാറുന്നുണ്ട്. ഒരാൾ വന്നു പറയുന്നു ഞാൻ കണ്ടു– ഇവർ രണ്ടു പേർ സംസാരിക്കുകയായിരുന്നു, ഒരാളുടേത് കേൾക്കുമ്പോൾ രണ്ടാമത്തെ പറയുന്നു– ഇല്ലില്ല, എന്നാൽ നല്ല രീതിയിൽ നിൽക്കുന്നില്ല. മൂന്നാമത്തയാൾ പറയുന്നു– ഇയാളിൽ നിന്ന് ഇതൊക്കെ ഉണ്ടാവുക തന്നെ ചെയ്യും, എത്ര ഭാവം മാറി. അവരുടെ ഭാവന എന്താണ്, കാര്യങ്ങളിൽ ഭാവം എത്ര മാറുന്നു. അപ്പോൾ ഈ പരമതം അന്തരീക്ഷത്തെ കേടുവരുത്തുന്നു. അപ്പോൾ ഈ സമയം പാഴാകുന്നതിന്റെ ഒരു കാരണമാണ് പരമതം, രണ്ടാമത്തെ കാരണമാണ് പരചിന്തനം. ഒരാളിൽ നിന്നു കാര്യം കേട്ടാൽ എട്ടും പത്തും പേരെ കേൾപ്പിക്കാതിരിക്കൂ–ഇത് നടക്കുന്നില്ല. ആരെങ്കിലും ദൂരദേശത്താണെങ്കിൽ അവർക്ക് കത്തുമെഴുതും– പുതിയൊരു കാര്യമുണ്ടായി, താങ്കൾ വരുമ്പോൾ തീർച്ചയായും പറയാം. അപ്പോൾ ഇതെന്തായി? പരചിന്തനം. താങ്കൾ നാലു പേരെ കേൾപ്പിച്ചുവെന്നു കരുതൂ. ആ നാലു പേരുടെയും ഭാവന ആ ആത്മാവിനെ പ്രതി താങ്കൾ മോശമാക്കിയില്ലേ, പരചിന്തനം ആരംഭിച്ചു അപ്പോൾ

ഇതിന്റെ വേഗം കൂടുതലുമാണ് നീണ്ടതുമാണ്.
പരചിന്തനം ഒന്നു രണ്ടു സെക്കന്റിൽ പൂർണമാകുന്നില്ല. ബാപ്ദാദ കേൾപ്പിക്കുന്നതു പോലെ ആർക്കെങ്കിലും താത്പര്യം നൽകാനായി അത് കഥാരൂപത്തിൽ കേൾപ്പിക്കൂ. ആദ്യം ഇതുണ്ടായി, പിന്നീടെന്തുണ്ടായി, പിന്നീടെന്തുണ്ടായി... അപ്പോൾ താത്പര്യം വർധിക്കുന്നുവല്ലോ. ഇങ്ങനെ എന്തു പരചിന്തനം ഉണ്ടാകുന്നുവോ അതും താത്പര്യമുള്ളതാണ്. അതിൽ മറ്റേയാൾ തീർച്ചയായും ചിന്തിക്കും, പിന്നീടെന്തുണ്ടായി, പിന്നെ ഇങ്ങനെയുണ്ടായി, ഞാ ഇങ്ങനെ ഉണ്ടായിട്ടുണ്ടാവും... അപ്പോൾ ഇതും നീണ്ട കഥയാണ്. ബാപ്ദാദ എല്ലാവരുടെ ഹൃദയത്തിന്റെ കാര്യങ്ങളും കേൾക്കുന്നുമുണ്ട്, കാണുന്നുമുണ്ട്. ആര് എത്ര തന്നെ ഒളിപ്പിക്കാനായി ശ്രമിക്കട്ടെ കേവലം ബാപ്ദാദ എവിടെവിടെയെങ്കിലും പൊതുവായി തുറന്ന സൂചന നൽകുകയല്ല, ബാക്കി എല്ലാവർക്കുമറിയാം, എല്ലാവരും കാണുന്നുമുണ്ട്. ആര് എത്ര തന്നെ പറയട്ടെ ഞാൻ ഒരിക്കലും ചെയ്യുന്നില്ല, ബാപ്ദാദയുടെ പക്കൽ രജിസ്റ്റർ ഉണ്ട്, എത്ര തവണ ചെയ്തു, എന്തെന്തു ചെയ്തു, ഏതു സമയത്ത് ചെയ്തു, എത്ര പേരോട് ചെയ്തു– ഈ എല്ലാ രജിസ്റ്ററുമുണ്ട്. കേവലം എവിടെവിടെയെങ്കിലും മിണ്ടാതിരിക്കേണ്ടി വരുന്നു. അപ്പോൾ രണ്ടാമത്തെ കാര്യം പറഞ്ഞു– പരചിന്തനം. അവിടെ സ്വചിന്തനം ഒരിക്കലും നടക്കുകയില്ല. എന്തൊരു കാര്യമുണ്ടായാലും പരചിന്തനക്കാർ തന്റെ തെറ്റും മറ്റുള്ളവർക്കു മേൽ വെക്കും. പരചിന്തനക്കാർ സംഭവങ്ങളുണ്ടാക്കാനും നമ്പർവൺ ആയിരിക്കും. തന്റെ മുഴുവൻ തെറ്റും മറ്റുള്ളവർക്കു മേൽ ഇങ്ങനെ തെളിയിക്കും, കേൾക്കുന്ന മുതിർന്നവർക്കു പോലും മിണ്ടാതിരിക്കേണ്ടി വരുന്നു. അപ്പോൾ സ്വചിന്തനം എന്ന് ഇതിനെ പറയുകയില്ല– വെറും ജ്ഞാനത്തിന്റെ പോയിന്റുകൾ ആവർത്തിക്കുക. അല്ലെങ്കിൽ ജ്ഞാന പോയിന്റുകൾ കേട്ടു, കേൾപ്പിച്ചു– ഇതു മാത്രമല്ല സ്വചിന്തനം. സ്വചിന്തനം എന്നാൽ തന്റെ സൂക്ഷ്മ ദുർബലതകളുടെ, തന്റെ ചെറിയ ചെറിയ തെറ്റുകളുടെ ചിന്തനം ചെയ്ത് ഇല്ലാതാക്കുക, പരിവർത്തനപ്പെടുത്തുക–ഇതാണ് സ്വചിന്തനം. ബാക്കി ജ്ഞാനം കേൾക്കുക, കേൾപ്പിക്കുക– ഇതിൽ എല്ലാവരും സമർഥരാണ്. അത് ജ്ഞാനത്തിന്റെ ചിന്തനമാണ്, മനനമാണ്, എന്നാൽ സ്വചിന്തനത്തിന്റെ സൂക്ഷ്മഅർഥം അവനവനെ പ്രതിയുള്ളതാണ്, എന്തെന്നാൽ റിസൽറ്റ് പുറത്തുവരുമ്പോൾ റിസൽറ്റിൽ ഇതു കാണപ്പെടുകയില്ല, ഇവർ ജ്ഞാനത്തിന്റെ മനനം നന്നായി ചെയ്തു അല്ലെങ്കിൽ സേവനത്തിൽ ജ്ഞാനത്തെ നന്നായി ഉപയോഗിച്ചു. ഈ റിസൽറ്റിനു മുമ്പ് സ്വചിന്തനവും പരിവർത്തനവും, സ്വചിന്തനം ചെയ്യുന്നതിന്റെ അർഥം തന്നെയാണ് പരിവർത്തനം ചെയ്യുക. എപ്പോൾ ഫൈനൽ റിസൽറ്റ് ഉണ്ടാകുന്നുവോ അതിൽ ആദ്യ മാർക്ക് പ്രാക്ടിക്കൽ ധാരണാസ്വരൂപത്തിന് ഉണ്ടാകും. ആരാണോ ധാരണാസ്വരൂപമാകുക അവർ സ്വാഭാവിക യോഗിയാകുക തന്നെ വേണം. അഥവാ മാർക്ക് കൂടുതൽ വേണമെങ്കിൽ ആദ്യം എന്ത് മറ്റുള്ളവരെ കേൾപ്പിക്കുന്നുവോ ഇന്നത്തെക്കാലത്ത് മൂല്യങ്ങളെപ്പറ്റി എന്ത് പ്രഭാഷണം ചെയ്യുന്നുവോ ആദ്യം അവനവനിൽ പരിശോധിക്കൂ എന്തെന്നാൽ സേവനത്തിന് ഒരു മാർക്ക്, ധാരണാസ്വരൂപത്തിന് 10 മാർക്ക് ഉണ്ടാകുന്നു. അഥവാ താങ്കൾക്ക് ജ്ഞാനം നൽകാൻ കഴിയില്ലെങ്കിൽ പക്ഷേ തന്റെ ധാരണകളാൽ പ്രഭാവമുണ്ടാക്കുന്നുവെങ്കിൽ താങ്കളുടെ സേവനത്തിന്റെ മാർക്ക് ശേഖരിക്കപ്പെട്ടുവല്ലോ.
ഇന്നത്തെക്കാലത്ത് പലരും മനസിലാക്കുന്നു എനിക്ക് സേവനത്തിന് അവസരം വളരെ കുറച്ചാണ് ലഭിക്കുന്നത്. എനിക്ക് അവസരം ലഭിക്കണം. മറ്റുള്ളവർക്ക് ലഭിക്കുന്നു, എനിക്ക് എന്തുകൊണ്ടില്ല? സേവനം ചെയ്യണം, വളരെ നല്ലത്, എന്തെന്നാൽ ബുദ്ധി ഫ്രീ ആയിരിക്കുകയാണെങ്കിൽ വളരെ വ്യർഥം നടക്കുന്നു അതിനാൽ സേവനത്തിൽ ബുദ്ധി ബിസിയായിരിക്കും, ഈ മാർഗം നല്ലതാണ്. സേവനത്തിന്റെ ഉത്സാഹം നല്ലതു തന്നെയാണ് എന്നാൽ ഡ്രാമയനുസരിച്ച് അല്ലെങ്കിൽ ചുറ്റുപാടുകൾ അനുസരിച്ച് താങ്കൾക്ക് അവസരമില്ലെന്നു വിചാരിക്കൂ, താങ്കളുടെ അവസ്ഥ മറ്റുള്ളവരുടെ സേവനം ചെയ്യുന്നതിനു പകരം തന്റെ തന്നെ വീഴ്ചയിലേക്ക് വരുന്നു അഥവാ ആ സേവനം താങ്കളെ ഇളക്കത്തിലേക്ക് കൊണ്ടുവരുന്നു, അപ്പോൾ ആ സേവനം എന്തായി? ആ സേവനത്തിന് പ്രത്യക്ഷഫലം എന്തു ലഭിക്കും? സത്യമായ സേവനം, സ്നേഹത്തോടെയുള്ള സേവനം, എല്ലാവരുടെയും ആശീർവാദത്തോടെയുള്ള സേവനം, അതിന്റെ പ്രത്യക്ഷഫലമാകുന്നു സന്തോഷം അഥവാ സേവനത്തിൽ ഫീലിംഗ് വന്നു അല്ലെങ്കിൽ ഇവിടെ ബ്രാഹ്മണരുടെ ഫീലിംഗിനെ എന്തു പറയും? ഫ്ളൂ. ഫ്ളൂ പിടിച്ചവർ എന്തു ചെയ്യുന്നു? ഉറങ്ങുന്നു, ഭക്ഷണം കഴിക്കില്ല, ഉറങ്ങുന്നു. ഇവിടെയും ഫീലിംഗ് വന്നു അല്ലെങ്കിൽ ഭക്ഷണം ഉപേക്ഷിക്കുന്നു അല്ലെങ്കിൽ പിണങ്ങിയിരിക്കുന്നു. അപ്പോൾ ഇതു ഫ്ളൂ ആയില്ലേ. അഥവാ താങ്കൾ ധാരണാസ്വരൂപമാണ്, സത്യമായ സേവാധാരിയാണ്, സ്വാർഥസേവനമല്ല. ഒന്നുണ്ട്, മംഗളഭാവനയോടെയുള്ള സേവനം മറ്റൊന്ന് സ്വാർഥതയോടെയുള്ളത്. എന്റെ പേരു വരണം, എന്റെ ഫോട്ടോ പത്രമാധ്യമങ്ങളിൽ വരും, എന്റേത് ടിവിയിൽ വരും, എന്റെ പേര് ബ്രാഹ്മണർക്കിടയിൽ ഉണ്ടാവും, ബ്രാഹ്മണി വളരെ മുന്നിൽ വെക്കണം, അന്വേഷികകണം.. ഈ എല്ലാ ഭാവവും സ്വാർഥസേവനത്തിന്റേതാണ്. എന്തെന്നാൽ ഇന്നത്തെ കണക്കിൽ, പ്രത്യക്ഷതയുടെ കണക്കിൽ , ഇപ്പോൾ സേവനം താങ്കളുടെ അടുക്കൽ വരും, ആരംഭത്തിൽ സ്ഥാപനയുടെ കാര്യം വേറെയായിരുന്നു. എന്നാൽ ഇപ്പോൾ താങ്കൾക്ക് സേവനത്തിന്റെ പുറകെ പോകേണ്ട. താങ്കൾക്ക് സമീപം സേവനം

സ്വയം എത്തിച്ചേരും. അപ്പോൾ ആര് സത്യമായ സേവാധാരിയാണോ ആ സേവാധാരിക്ക് പോകെ ഒരു സേവനവും ലഭിച്ചില്ലെങ്കിലും ബാപ്ദാദ പറയുന്നു തന്റെ മുഖത്തിലൂടെ, തന്റെ പെരുമാറ്റത്തിലൂടെ സേവനം ചെയ്യൂ. താങ്കളുടെ മുഖം ബാബയുടെ സാക്ഷാത്കാരം ചെയ്യിക്കണം. താങ്കളുടെ മുഖം, താങ്കളുടെ പെരുമാറ്റം ബാബയുടെ ഓർമ്മ നൽകണം. ഈ സേവനം നമ്പർവൺ ആണ്. ഇങ്ങനെയുള്ള സേവാധാരി- ആരിൽ സ്വാർഥഭാവമില്ലയോ. ഇങ്ങനെയാകരുത്, എനിക്ക് തന്നെ അവസരം ലഭിക്കണം, എന്റേതിനു തന്നെ ലഭിക്കണം, എന്തുകൊണ്ട് ലഭിക്കുന്നില്ല, ലഭിക്കേണ്ടതാണ്- ഇങ്ങനെയുള്ള സങ്കൽപത്തെയും സ്വാർഥം എന്നു വിളിക്കുന്നു. അഥവാ ബ്രാഹ്മണപരിവാരത്തിൽ താങ്കൾ പേരു കേട്ടതായിരിക്കില്ല, നല്ല സേവാധാരിയായിട്ടും താങ്കൾക്ക് പേരില്ലായിരിക്കാം, എന്നാൽ ബാബയുടെ അടുക്കൽ പേരില്ലേ, ബാബയുടെ ഹൃദയത്തിൽ പേരുണ്ടെങ്കിൽ മറ്റെന്താണ് വേണ്ടത്! ബാബയുടെ ഹൃദയത്തിൽ മാത്രമല്ല ഫൈനലിൽ നമ്പർ ലഭിക്കുമെങ്കിൽ താങ്കളുടെ നമ്പർ മുന്നിലായിരിക്കും എന്തെന്നാൽ ബാപ്ദാദ കണക്ക് വെക്കുന്നു. താങ്കൾക്ക് അവസരം ലഭിച്ചില്ല, താങ്കൾ ശരിയായിട്ടും അവസരം ലഭിച്ചില്ല എങ്കിൽ അതും നോട്ട് ചെയ്യും, ചോദിച്ച് വാങ്ങി അവസരം അതു ചെയ്തു എങ്കിൽ ശരി, പക്ഷേ അതും മാർക്ക് ഇല്ലാതാക്കും. ഈ ധർമരാജന്റെ കണക്ക് കുറവൊന്നുമല്ല. വളരെ സൂക്ഷ്മമായ കർമക്കണക്കാണ്. അതിനാൽ നിസ്വാർഥ സേവാധാരിയാകൂ, തന്റെ സ്വാർഥതയരുത്. മംഗളത്തിന്റെ സ്വാർഥമാകൂ. അഥവാ താങ്കൾക്ക് അവസരമുണ്ട് മറ്റുള്ളവർ വിചാരിക്കുകയാണ് എനിക്കും ലഭിച്ചാൽ വളരെ നന്നായിരുന്നു, യോഗ്യരുമാണ് എങ്കിൽ വിചാരിക്കൂ താങ്കൾ താങ്കളുടെ അവസരം അവർക്കു നൽകി. എങ്കിലും താങ്കളുടെ ഭാഗം അതിൽ ശേഖരിക്കപ്പെടുന്നു. താങ്കൾ ചെയ്തില്ല എന്നാൽ ആർക്കെങ്കിലും അവസരം നൽകിയാലും അതിലും താങ്കളുടെ ഭാഗം ശേഖരിക്കപ്പെടുന്നു, എന്തെന്നാൽ സത്യമായ വജ്രമാകുകയല്ലേ. അപ്പോൾ കർമക്കണക്കുകളും മനസിലാക്കിക്കോളൂ. ഇങ്ങനെ അലസരാകാതിരിക്കൂ, ശരി, നടന്നു... വളരെ സൂക്ഷ്മത്തിൽ കർമക്കണക്കുകളുടെ കെട്ടുണ്ട്. ബാബയ്ക്ക് ഒന്നും ചെയ്യേണ്ടതില്ല, ഓട്ടോമാറ്റിക് ആണ്. ഇടയ്ക്കിടെ ബാപ്ദാദ കുട്ടികളുടെ കണക്ക് നോക്കുന്നുമുണ്ട്. അപ്പോൾ ആദ്യത്തെ കാര്യം പരമതം, രണ്ടാമത്തെ കാര്യം പരചിന്തനം.

മൂന്നാമത്തെ കാര്യമാണ് പരദർശനം. മറ്റുള്ളവരെ നോക്കുന്നതിൽ ഭൂരിഭാഗവും വളരെ സമർഥരാണ്. പരദർശനം- എന്തു കാണുന്നുവോ കാണുന്നതിനു ശേഷം ആ കാര്യം എവിടെ പോകും? ബുദ്ധിയിലേക്കു തന്നെയല്ലേ പോകുക. ആര് മറ്റുള്ളവരെ നോക്കുന്നതിൽ സമയം ചെലവാക്കുന്നു അവർക്ക് അവനവനെ നോക്കാൻ സമയം എവിടെ നിന്ന് സമയം ലഭിക്കും? സംഭവങ്ങൾ വളരെ ഉണ്ടാകും, ഏതു കാര്യങ്ങൾ ഉണ്ടാകുന്നുവോ അവ കാണുകയും ചെയ്യുന്നു, കേൾക്കുകയും ചെയ്യുന്നു, എത്ര വലിയ സംഘടനയാണോ അത്ര വലിയ കാര്യങ്ങൾ സംഭവിക്കുന്നു. ഈ കാര്യങ്ങൾ എന്തുകൊണ്ട് ഉണ്ടാകുന്നു? പലരും ചിന്തിക്കുന്നു ഈ കാര്യങ്ങൾ നടക്കാൻ പാടില്ലായിരുന്നു. ഉണ്ടാകാൻ പാടില്ലായിരുന്നു ശരി, എന്നാൽ എന്തിനെപ്പറ്റി വിചാരിച്ചുവോ നടക്കാൻ പാടില്ലായിരുന്നു അതിൽ സമയം എന്തിന് നൽകി? ഈ കാര്യങ്ങൾ തന്നെയാണ് പരീക്ഷാപേപ്പർ. എത്ര വലിയ പഠിപ്പാണോ അത്ര വലിയ പേപ്പറും ഉണ്ടാകുന്നു. ഈ അന്തരീക്ഷമുണ്ടാക്കുക- ഇത് എല്ലാവർക്കും പേപ്പറുമാണ്, അതായത് പരമതം, പരചിന്തനം, അല്ലെങ്കിൽ പരദർശനത്തിൽ നിന്ന് എത്രത്തോളം അവനവനെ സുരക്ഷിതമാക്കി വെക്കുന്നു. രണ്ടു കാര്യങ്ങൾ വേറെയാണ്. ഒന്നാണ് ഉത്തരവാദിത്തം, അതിന്റെ കാരണത്താൽ കേൾക്കേണ്ടിയും വരുന്നു, കാണേണ്ടിയും വരുന്നു. അപ്പോൾ അതിൽ മംഗളത്തിന്റെ ഭാവനയോടെ കേൾക്കുക, കാണുക. ഉത്തരവാദിത്തമുണ്ട്, മംഗളഭാവനയാണ്, അതു ശരി. എന്നാൽ സ്വന്തം അവസ്ഥയെ ഇളക്കത്തിൽ കൊണ്ടുവന്ന് കാണുക, കേൾക്കുക, അല്ലെങ്കിൽ ചിന്തിക്കുക- ഇതു തെറ്റാണ്. അഥവാ താങ്കൾ സ്വയത്തെ ഉത്തരവാദിയെന്നു മനസിലാക്കുന്നുവെങ്കിൽ അപ്പോൾ ഉത്തരവാദിത്തത്തിനു മുമ്പ് തന്റെ ബ്രേക്കിനെ ശക്തമാക്കൂ. പർവതത്തിനു മുകളിൽ കയറുന്നുവെങ്കിൽ ആദ്യമേ സൂചന നൽകുന്നു തന്റെ ബ്രേക്കിനെ ശരിയായി പരിശോധിക്കൂ. അപ്പോൾ ഉത്തരവാദിത്തവും ഒരു ഉയർന്ന സ്ഥിതിയാണ്, ഉത്തരവാദിത്തം എടുത്തോളൂ എന്നാലും ആദ്യം ഇതു പരിശോധിക്കൂ- സെക്കന്റിൽ ബിന്ദുവിടുന്നുണ്ടോ? അതോ ഇടുന്നത് ബിന്ദു, വീഴുന്നത് ചോദ്യചിഹ്നം? അതു തെറ്റാണ്. അതിൽ സമയവും ഊർജവും പാഴാകും. അതിനാൽ ആദ്യം സ്വന്തം ബ്രേക്ക് ശക്തമാക്കൂ. കണ്ടു, കേട്ടു, എത്രത്തോളം സാധിക്കുമോ മംഗളം ചെയ്തു, ഫുൾസ്റ്റോപ്പ്. അഥവാ ഇങ്ങനെയുള്ള സ്ഥിതിയാണെങ്കിൽ ഉത്തരവാദിത്തമെടുത്തോളൂ, ഇല്ലെങ്കിൽ കണ്ടുകൊണ്ടും കാണാതിരിക്കൂ, കേട്ടിട്ടും കേൾക്കാതിരിക്കൂ. സ്വചിന്തനത്തിൽ കഴിയൂ. പ്രയോജനം ഇതിലാണ്. അപ്പോൾ ഇന്നത്തെ പാഠം എന്തായി? പരമതം, പരചിന്തനം, പരദർശനം- ഈ മൂന്നു കാര്യങ്ങളിൽ നിന്ന് മുക്തമാകൂ, ഒരു കാര്യം ധാരണ ചെയ്യൂ, ആ ഒരു കാര്യമാണ്- പരോപകാരിയാകൂ. മൂന്നു തരത്തിലുള്ള പര- അവസാനിപ്പിക്കൂ, ഒരു പര- പരഉപകാരിയാകുക. ആകാനറിയുമോ? അപ്പോൾ ഏതു കാര്യങ്ങളിൽ നിന്നും മുക്തമാകും? മാതാക്കൾ എന്തു ചെയ്യും? കുട്ടികളുടെ ഉപകാരിയോ പരോപകാരിയോ? സർവോപകാരി. എളുപ്പമാണോ ബുദ്ധിമുട്ടാണോ? ശരി

നാനാ ഭാഗത്തെയും സർവ വിശ്വത്തിലെ വിശേഷാത്മാക്കൾക്കും സദാ സ്വചിന്തനം, ജ്ഞാനചിന്തനം ചെയ്യുന്ന ശ്രേഷ്ഠാത്മാക്കൾക്ക്, സദാ ബാബയുടെ ശ്രേഷ്ഠ മതത്തിൽ ഓരോ സങ്കൽപം, വാക്ക്, കർമം ചെയ്യുന്ന സമീപആത്മാക്കൾക്ക്, നാനാ ഭാഗത്തെയും ഡയമണ്ട് ജൂബിലിക്കു വേണ്ടി സ്വയവും സേവനത്തെയും മുന്നോട്ടുയർത്തുന്ന -ഇങ്ങനെയുള്ള വിശേഷആത്മാക്കൾക്ക്, ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും.

## വരദാനം: മഹാവീരനായി സഞ്ജീവനി മരുന്നിലൂടെ മയങ്ങിയവർക്ക് ബോധമുണർത്തുന്ന ശക്തിവാനായി ഭവിക്കട്ടെ.

സൂര്യൻ സ്വയം ശക്തിശാലിയാണ്, നാനാ ഭാഗത്തും തന്റെ ശക്തിയാൽ പ്രകാശം പരത്തുന്നു എന്നതുപോലെ, ശക്തിവാനായി അനേകർക്ക് സഞ്ജീവനി മരുന്നേകി മൂർച്ഛിതർക്ക് ബോധമുണർത്തുന്ന സേവനം ചെയ്തുകൊണ്ടിരിക്കൂ, അപ്പോൾ പറയാം, മഹാവീരൻ. സദാ സ്മൃതി വെക്കൂ- എനിക്ക് വിജയിയാകണം, എല്ലാവരെയും വിജയിയാക്കണം. വിജയിയാകാനുള്ള മാർഗമാണ് ബിസിയായിരിക്കുക. സ്വമംഗളം അഥവാ വിശ്വമംഗളത്തിന്റെ കാര്യത്തിൽ ബിസിയായിരിക്കൂ എങ്കിൽ വിഘ്നവിനാശക അന്തരീക്ഷം ഉണ്ടാക്കിക്കൊണ്ടിരിക്കും.

## സ്ലോഗൻ: ഹൃദയം സദാ ഒരു ദിലാരാമനിൽ മുഴുകിയിരിക്കട്ടെ- ഇതാണ് സത്യമായ സേവനം.